"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്-"കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തിരുവള്ളൂർ മഹാശിവക്ഷേത്രക്കുളം നവീകരണം" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം.ഐ) വകുപ്പ്**

സ.ഉ.(സാധാ) നം.100/2024/WRD    തീയതി,തിരുവനന്തപുരം, 03-02-2024

---

പരാമർശം:- 
1. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 20/11/2023 തീയതിയിലെ CEIA/5356/2023-(W6) നമ്പർ കത്ത്
2. 22/01/2024 തീയതിയിൽ ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റിയുടെ മിനിട്സ്

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2 വോള്യം-2-ൽ ക്രമ നം. 189 ആയി ഉൾപ്പെട്ടിട്ടുള്ള "കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തിരുവള്ളൂർ മഹാശിവക്ഷേത്രക്കുളം നവീകരണം" എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയായ 100.00 ലക്ഷം രൂപയുടെ 20% തുകയായ 20 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ടി പ്രവൃത്തിയ്ക്കായി ഡി.എസ്.ആർ 2018 പ്രകാരം തയ്യാറാക്കിയ Rs.100,00,000/-(നൂറ് ലക്ഷം രൂപ) അടങ്കൽ തുക വരുന്ന പദ്ധതിരേഖയും ശിപാർശയും പരാമർശം (1) പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിക്കുകയും പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തുകയായ 100 ലക്ഷം രൂപയുടെ ഭരണാനുമതി 4702-00-101-87-01-00-00-PV Renovation of ponds എന്ന ശീർഷകത്തിൽ തുക വകയിരുത്തി നല്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

2. 22/01/2024 തീയതിയിൽ ചേർന്ന അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് വിശദമായി പരിശോധിച്ച് ഡി.എസ്.ആർ 2018 പ്രകാരമുള്ള പദ്ധതിരേഖയ്ക്ക് പരാമർശം (2) പ്രകാരം അംഗീകാരം നല്കി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Rs.100,00,000/-(നൂറ് ലക്ഷം രൂപ) എസ്റ്റിമേറ്റ് തുക (18% ജി.എസ്.ടി ഉൾപ്പെടെ) വരുന്ന "കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തിരുവള്ളൂർ മഹാശിവക്ഷേത്രക്കുളം നവീകരണം" എന്ന പ്രവൃത്തിയ്ക്ക് 4702-00-101-87-01-00-00-PV Renovation of ponds എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും ),തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ.ഇ /ആഡിറ്റ്) കേരളം, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (നം.2633410/Agri-A1/301/2023-FIN dated 27.12.2023)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Aniletha G
സെക്ഷൻ ഓഫീസർ
Date: 05-02-2024 10:54:34

പകർപ്പ്.

ജലവിഭവവകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

ജലവിഭവവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്